6. കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുക
7. സ്വത്തുനികുതി നിർണ്ണയത്തിന് പുതിയ ചട്ടങ്ങൾ തയ്യാറാക്കുക
8. ധനകാര്യ മാനേജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കുക
9. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനം മെച്ചപ്പെടുത്തുക
10. സാമൂഹ്യ സുരക്ഷിതത്വത്തിനും അഗതികളുടെ പരിരക്ഷയ്ക്കും. പൈലറ്റ് പ്രോജക്ട് തയ്യാറാക്കുക

9-ാം പഞ്ചവത്സര പദ്ധതി വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച തുക

91 (1560) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം പഞ്ചവത്സര പദ്ധതി വിഹിതമായി കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 1996-2001 കാലഘട്ടത്തിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പരിപാടികൾക്ക് പഞ്ചവത്സര പദ്ധതി വിഹിതത്തിൽ ഉൾപ്പെടാത്ത എത്ര കോടി രൂപ മുൻഗവൺമെന്റ് ബഡ്ജറ്റ് വിഹിതമായി യഥാക്രമം 1996-2001 കാലയളവിൽ അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(സി) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് 1996-2001 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിന് എൽ.ഡി.എഫ്. ഗവൺമെന്റ് നൽകിയ പദ്ധതിയിതര സഹായത്തിന്റെ വിശദവിവരം നൽകാമോ ?

ഉത്തരം

(എ) 1996-2001 കാലഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പദ്ധതി വിഹിതത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

1996-97	-	ഇല്ല.
1997-98	-	749 കോടി രൂപ
1998-99	-	950 കോടി രൂപ
1999-2000	-	1020 കോടി രൂപ
2000-01	-	783.75 കോടി രൂപ

(ബി) 1997-98 മുതൽ 2000-01 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺ പ്ലാൻ ഗ്രാന്റായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം താഴെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1997-98	-	177.95 കോടി രൂപ
1998-99	-	229.23 കോടി രൂപ
1999-2000	-	243.39 കോടി രൂപ
2000-01	-	253.63 കോടി രൂപ

(സി) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് 1996-2001 കാലയളവിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിന് നല്കിയ പദ്ധതിയിതര സഹായത്തിന്റെ വിശദവിവരം.

1997-98	-	11,51,85,835 രൂപ
1998-99	-	3,81,71,627 രൂപ
1999-2000	-	1,15,27,768 രൂപ
2000-01	-	2,17,63,239 രൂപ

ജനകീയാസൂത്രണ നടത്തിപ്പിന് ഈ കാലയളവിൽ പദ്ധതിയേതര ഇനത്തിൽ തിരുവനന്തപുരം കോർപ്പറേഷന് തുകയൊന്നും നല്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വാർഷിക പദ്ധതി വിഹിതം

92 (1561) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വാർഷിക പദ്ധതിയിലേയ്ക്കുള്ള വിഹിതം എന്നുമുതൽക്ക് നൽകാനാകും ;

(ബി) ഈ വർഷത്തെ വാർഷിക പദ്ധതിയുടെ മുഴുവൻ വിഹിതവും നൽകാനാകുമോ ;

(സി) എത്ര ഗഡുക്കളായിട്ടാണ് തുക നൽകുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 2003-04 വാർഷിക പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതം താമസിയാതെതന്നെ വിതരണം ചെയ്യുന്നതാണ്.

(ബി) വാർഷിക പദ്ധതിക്കായി നീക്കിവച്ച മുഴുവൻ വിഹിതവും നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച രീതിയിൽ പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി ഗ്രാന്റ് മാസാമാസം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഗഡുവായി 3 മാസത്തേയ്ക്ക് ഒന്നിച്ചു നൽകും.

LIBRARY ARCHIVES Kerala Legislative Assembly